**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**2012 ജൂൺ 22, വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) **യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് നേരിടുന്ന പ്രതിസന്ധി**

ശ്രീ. എ. എ. അസീസ്: അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിർമ്മിക്കാൻ ആവശ്യമായ മെഷിനറികൾ ഇല്ലെന്ന കാരണം പറഞ്ഞ് കെ.എസ്. ഇ. ബി. ഏറ്റെടുക്കാത്ത തിനാൽ അവിടെ ഉൽപ്പാദിപ്പിക്കുന്ന 4 കോടിയിൽപ്പരം രൂപ വിലവരുന്ന എൽ.സി.ഡി. മീറ്ററുകൾ കെട്ടിക്കിടക്കുകയാണ്. കഴിഞ്ഞ മാർച്ച് മാസം കെ.എസ്.ഇ.ബി.യിലെ വിജിലൻസ് ഓഫീസർമാർ 3 ദിവസം കമ്പനി പരിശോധിച്ച് മീറ്ററുകൾ ടെസ്റ്റ് ചെയ്യാനാവശ്യമായ മെഷിനറികളുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 32,000 മീറ്ററുകൾ വാങ്ങാമെന്ന് ധാരണയായെങ്കിലും നാളിതുവരെ ഇവ ഏറ്റെടുത്തിട്ടില്ല. കെ.എസ്.ഇ.ബി.

ക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുവേണ്ടി കൊല്ലത്ത് സ്ഥാപിച്ച ഈ സ്ഥാപനത്തിൽ പണിയെടുത്തിരുന്ന ധാരാളം തൊഴിലാളികൾ പ്രതിസന്ധിമൂലം പിരിഞ്ഞുപോകുകയുണ്ടായി. നിർമ്മിക്കുന്ന മുഴുവൻ ഇലക്ട്രോണിക് മീറ്ററുകളും ന്യായമായ വിലയ്ക്ക് കെ.എസ്.ഇ.ബി. ഏറ്റെടുത്തുകൊള്ളാമെന്ന ധാരണയിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഈ സ്ഥാപനത്തിൽവച്ച് ഒരു എം.ഒ.യു. ഒപ്പിട്ടിട്ടുണ്ടെങ്കിലും യൂ.ഡി.എഫ്. സർക്കാർ അതിൽനിന്നും പിൻമാറുകയുണ്ടായി. കമ്പനിയുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് അവിടത്തെ ജനപ്രതിനിധിയേയും കൂടി ഉൾപ്പെടുത്തി കമ്പനി മാനേജ്മെന്റുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ഒരു ചർച്ച നടത്താൻ സർക്കാർ തയ്യാറാകണം. കെട്ടിക്കിടക്കുന്ന മീറ്ററുകൾ കെ.എസ്.ഇ.ബി. ഏറ്റെടുത്ത് ഈ സ്ഥാപനം പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനോട് 29-5-2010-ന് മുമ്പ് 1 ലക്ഷം മീറ്ററുകളും തുടർന്നുള്ള ഓരോ മാസവും ഒരു ലക്ഷം മീറ്ററുകളും സപ്ലൈ ചെയ്യണമെന്ന വ്യവസ്ഥയിൽ കെ.എസ്.ഇ.ബി. 6 ലക്ഷം മീറ്ററുകൾക്ക് ഓർഡർ കൊടുത്തെങ്കിലും 45,000 മീറ്ററുകൾമാത്രമാണ് സപ്ലൈ ചെയ്തത്. പ്രസ്തുത കമ്പനിയുടെ ആവശ്യപ്രകാരം മാസത്തിൽ ഒരു ലക്ഷം മീറ്ററുകൾ എന്നതിനുപകരം അമ്പതിനായിരമായി കുറവ് ചെയ്തുകൊണ്ട് 2012 ഫെബ്രുവരി മാസം വരെ സപ്ലൈ ചെയ്യാൻ എക്സ്റ്റെൻഷൻ കൊടുത്തെങ്കിലും 2,45,000 മീറ്ററുകൾ മാത്രമാണ് സപ്ലൈ ചെയ്തിട്ടുള്ളത്. കമ്പനിയുമായി ബന്ധപ്പെട്ട ആരോപണങ്ങൾ കെ.എസ്.ഇ.

ബി.യുടെ ടെക്നിക്കൽ ഓഫീസർമാർ പരിശോധിക്കുകയും തുടർന്ന് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും ഒരു ടെക്നിക്കൽ വിഭാഗം പോയി കമ്പനി പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ മീറ്ററുകൾ ഇവിടെ നിർമ്മിക്കുന്നതല്ലെന്നും പുറത്തുനിന്നും വാങ്ങി കമ്പനിയുടെ സീലും നമ്പർപ്ലേറ്റും വച്ച് അയയ്ക്കുന്നതാണെന്നും ഇലക്ട്രോണിക് മീറ്ററുകൾ നിർമ്മിക്കാനുള്ള മെഷിനറി ഈ സ്ഥാപനത്തിന് ഇല്ലെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ കമ്പനിയിൽ ഉണ്ടാക്കുന്ന മീറ്ററുകളുടെ ഗുണനിലവാരം വളരെ മോശമാണെന്നാണ് ടെക്നിക്കൽ കമ്മിറ്റിതന്നെ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഏത് പബ്ലിക് സെക്ടർ ആണെങ്കിലും കമ്മീഷൻ ബിസിനസ് നടത്താൻ അനുവദിക്കുകയില്ല. തൊഴിലാളികൾക്ക് ജോലി കിട്ടത്തക്ക രൂപത്തിൽ ഈ കമ്പനിയെ രക്ഷപ്പെടുത്താനും കെ.എസ്.ഇ.ബി.-ക്ക് നഷ്ടമില്ലാത്ത രൂപത്തിൽ ന്യായമായ ഏത് കാര്യങ്ങൾ ചെയ്യാനും സർക്കാർ സന്നദ്ധമാണ്. കമ്പനിയുമായി ബന്ധപ്പെട്ട ആരോപണങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് യോഗം വിളിക്കാനും തയ്യാറാണ്.

(2) <u>വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിലെ വിവേചനം</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: അംഗീകൃത വിദ്യാഭ്യാസ സ്ഥാപനം നടത്തുന്ന അംഗീകൃത കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും വിദ്യാഭ്യാസ വായ്പ പദ്ധതി പ്രകാരം വായ്പ്പയ്ക്ക് അവകാശമുണ്ട്. 4 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ചെലവിന്റെ 85 ശതമാനം നൽകണമെന്ന വ്യവസ്ഥ നിലനിൽക്കേ വ്യവസ്ഥകൾ തെറ്റായി വ്യാഖ്യാനിച്ചും നിയമപരമല്ലാത്ത വ്യവസ്ഥകൾ ഉന്നയിച്ചും നടപടിക്രമങ്ങൾ വൈകിച്ചും വിദ്യാർത്ഥികൾക്ക് മന:പൂർവ്വം ബുദ്ധിമുട്ടുകൾ സൃഷ്ടിച്ച്

വായ്പാ നിഷേധത്തിന് തുല്യമായ നിലപാട് സ്വീകരിക്കുന്ന ബാങ്കുകൾക്കെതിരെ കർശന നടപടിയുണ്ടാകണം. വിദ്യാഭ്യാസ വായ്പ സമയബന്ധിതമായി നൽകുന്നതിന് ബാങ്ക് അധികൃതർ വീഴ്ച വരുത്തുന്ന നടപടി വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിക്കുകയും ആത്മഹത്യയിലേയ്ക്ക്പോലും നയിക്കുകയും ചെയ്യുന്നുണ്ട്. ഈ വായ്പയ്ക്ക് കടുത്ത പലിശ ഈടാക്കുന്നത് പുന:പരിശോധിക്കണം. വായ്പ അനുവദിക്കുന്നതിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത യോഗത്തിൽ ബാങ്കുകൾക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും ഒരു നടപടിയും ബാങ്ക് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. നാല് ലക്ഷം രൂപ വരെ വായ്പ നൽകാമെന്ന് ആർ.ബി.ഐ. നിഷ്ക്കർഷിക്കുമ്പോൾ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വായ്പ നൽകാൻ പോലും ബാങ്കുകൾ തയ്യാറാകുന്നില്ല. വിദ്യാർത്ഥികൾ പാൻകാർഡും പാസ്പോർട്ടും സെക്യൂരിറ്റിയായി ആധാരവും ബാങ്കുകൾക്ക് നൽകണമെന്നുവാശി പിടിക്കുകയാണ്. വിദ്യാഭ്യാസത്തിനായി കൂടുതൽ പൊതു സബ്സിഡി നൽകണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. വിദ്യാഭ്യാസ വായ്പ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കാനും സുതാര്യമാക്കാനും നടപടി സ്വീകരിക്കണം. വായ്പ ഉദാരമാക്കാത്ത ബാങ്കുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. നിരവധി ബാങ്കുകൾ ഇപ്പോഴും വായ്പ നിഷേധിക്കുന്ന സാഹചര്യത്തിൽ എല്ലാ കളക്ടറേറ്റുകളിലും പ്രത്യേക സെൽ രൂപീകരിച്ച് പ്രശ്ന പരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : ന്യായമായ അപേക്ഷകൾക്ക് വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന സാഹചര്യത്തിലാണ് മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി പ്രത്യേക യോഗം ചേർന്നത്. വായ്പ എടുക്കുന്ന വിദ്യാർത്ഥി അല്ലെങ്കിൽ കുടുംബ ത്തിലെ ഏണിംഗ് മെമ്പർ മരണപ്പെട്ടാൽ വായ്പ എഴുതിത്തള്ളണമെന്നും സ്വകാര്യ സ്വാശ്രയ മേഖലയിലെ പ്രൊഫഷണൽ കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയിലും ഫിഷറീസ് മേഖലയിൽനിന്നുള്ള വിദ്യാർത്ഥി കൾക്കും വായ്പ ലഭ്യമാക്കണമെന്നും വായ്പ സംബന്ധിച്ച് ഇന്ത്യൻ ബാങ്ക് അസോസ്സിയേഷനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയും പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടണമെന്നും കാർഷിക വായ്പയ്ക്ക് നൽകുന്ന പലിശ നിരക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് ബാധകമാക്കണമെന്നും വായ്പ നൽകാൻ കാലതാമസം ഉണ്ടാകാൻ പാടില്ലെന്നുമുള്ള ആവശ്യങ്ങൾ മുഖ്യമന്ത്രി ഉന്നയിക്കുകയും ആയതുസംബന്ധിച്ച് കർശന നിർദ്ദേശങ്ങൾ കൊടുക്കാമെന്നും ഇന്ത്യൻ ബാങ്ക് അസോസ്സിയേഷന്റെ പൊതുവായ ഗൈഡ്ലൈൻസും കോടതി വിധികളും പാലിക്കാമെന്നുമാണ് അറിയിച്ചി രുന്നത്. വിദ്യാഭ്യാസ വായ്പ നൽകുന്നതിന് പാസ്പോർട്ടും പാൻ കാർഡും സെക്യൂരിറ്റിയും വേണമെന്ന് ബാങ്കുകൾ നിഷ്ക്കർഷിക്കുന്നത് എല്ലാ മാനദണ്ഡങ്ങൾക്കും എതിരാണെന്നും റിസർവ്വ് ബാങ്കും ഇന്ത്യാ ഗവൺമെന്റും ബാങ്ക് അസോസ്സിയേഷനും പറയുന്ന ചട്ടങ്ങൾ പാലിക്കപ്പെടു ന്നില്ലെന്നുമുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് സംസ്ഥാനതല ബാങ്ക് യോഗം വിളിച്ചുകൂട്ടിയത്. വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവരുടെ പേരിൽ ജപ്തി നടപടികൾക്ക് പ്രഖ്യാപിച്ചിട്ടുള്ള

മൊറട്ടോറിയം ബി.പി.എൽ. വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോയെന്നത് പരിശോധിക്കുന്നതാണ്. 2009-നുശേഷമുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ഒഴിവാക്കിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. 2004-മുതൽ 2009 വരെയുള്ള 5 വർഷത്തെ പലിശ സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിദ്യാഭ്യാസ വായ്പ നൽകുന്ന സമയത്ത് അഡ്മിഷൻ കിട്ടുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന് അംഗീകാരം ഉണ്ടായിരിക്കണമെന്ന ഒറ്റ കണ്ടീഷൻ മാത്രമേ ആദ്യം ബാങ്കുകൾക്കുണ്ടായിരുന്നുള്ളൂ. പക്ഷേ പിന്നീട് തിരിച്ചടവ് കുറഞ്ഞതുകൊണ്ടും മാർക്ക് കുറഞ്ഞ കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതുകൊണ്ട് പലരും തോൽക്കുന്നതുകൊണ്ടും മാനേജുമെന്റ് ക്വാട്ടയിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികൾക്ക് വായ്പ നൽകാത്ത അവസ്ഥയും പഠിക്കുന്ന അതേ ഗ്രൂപ്പിൽ അഡ്മിഷൻ ലഭിക്കുന്നവർക്കുമാത്രമേ വായ്പ ലഭ്യമാക്കുകയുള്ളൂവെന്ന അവസ്ഥയുമായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാങ്കുകാരുമായി രണ്ടു തവണ യോഗം ചേർന്നെങ്കിലും പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചില്ല. ബന്ധപ്പെട്ട എല്ലാ എം.എൽ.എ.മാരുമായി വരുന്ന തിങ്കളാഴ്ച വൈകുന്നേരം യോഗം ചേർന്ന് ചർച്ച ചെയ്തതിനുശേഷം ബാങ്കുകാരുടെ യോഗം വിളിക്കാം. സഹകരണ ബാങ്കിന് ഇപ്പോൾ വിദ്യാഭ്യാസ വായ്പ കൊടുക്കാൻ അനുമതി കിട്ടിയിട്ടുണ്ട്. ഇൻഡ്യൻ ബാങ്കിംഗ് അസോസിയേഷന്റെ ഗൈഡ്‌ലൈൻസ് അനുസരിച്ച് റെസ്ട്രിക്ഷൻ ഏർപ്പെടുത്തിയത് സ്വീകാര്യമല്ല. 2009 മുതലുള്ള വായ്പയുടെ പലിശ കേന്ദ്ര സർക്കാർ ബാങ്കുകാർക്ക് നൽകുന്ന സ്കീമുണ്ട്. ഇപ്രാവശ്യത്തെ

സംസ്ഥാന ബഡ്ജറ്റിലൂടെ 2004-മുതൽ 2009 വരെ ലോണെടുത്തിട്ടുള്ളവർക്ക് വിദ്യാഭ്യാസ കാലഘട്ടത്തിലെ പലിശ സംസ്ഥാന സർക്കാർ വഹിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപനത്തോട് സഹകരിക്കുകയും ലോണെടുത്തവർ പ്രിൻസിപ്പൽ എമൗണ്ട് അടയ്ക്കുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനമെടുക്കാവുന്നതാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ജില്ലാതല ബാങ്കിംഗ് കൺസൾട്ടേറ്റീവ് കമ്മിറ്റി ജൂലൈ മാസത്തിലെ ആദ്യത്തേയോ രണ്ടാമത്തേയോ ശനിയാഴ്ച യോഗം ചേരാനും അതാത് ജില്ലകളിലെ പരാതികൾ സമാഹരിച്ച് നടപടി സ്വീകരിക്കുന്നതിനായി ജില്ലകളിൽ ഒരു സെൽ രൂപീകരിക്കാനും ജില്ലാ കളക്ടർമാരോടും ജില്ലാ പ്ലാനിംഗ് ഓഫീസർമാരോടും ആവശ്യപ്പെടാം.

## സബ്മിഷൻ

### (1) പരൂർ കോൾപടവിൽ സ്ഥിരം ബണ്ട് നിർമ്മാണം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പുന്നയൂർക്കുളത്തെ പരൂർ കോൾപടവിൽ സ്ഥിരം ബണ്ട് നിർമ്മിച്ച് കൃഷി സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയിൽ പുന്നയൂർക്കുളം കോൾപടവ് പദ്ധതിക്കായി തുക

വകയിരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി ബണ്ട് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) എൻ.എച്ച്. 212 ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ ബത്തേരി ടൗണിലെ യാത്രാക്കുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി നാഷണൽ ഹൈവേ 212 ബൈപ്പാസ് റോഡ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): കോഴിക്കോട് കൊല്ലഗൺ റോഡ് എൻ.എച്ച്.ഡി.പി. ഫെയ്സ് 4-ൽ ഉൾപ്പെടുത്തി ഡി.ബി.എഫ്.ഒ.ടി. (ഡിസൈൻ-ബിൽഡ്-ഫിനാൻസ്-ഓപ്പറേറ്റ്-ട്രാൻസ്ഫർ) അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ച പ്രാഥമിക പഠന റിപ്പോർട്ടിൽ സുൽത്താൻ ബത്തേരി ടൗണിൽ ദേശീയ പാതയിലെ ബീനാച്ചിയിൽ തുടങ്ങി കുപ്പാടിയിൽ അവസാനിക്കുന്ന 5 കിലോമീറ്ററോളം വരുന്ന ബൈപ്പാസ് നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ആവശ്യപ്പെട്ട വിശദാംശങ്ങൾ അയച്ചുകൊടുത്തിട്ടുണ്ട്. എത്രയുംവേഗം അവരുടെ അംഗീകാരം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

(3) കേടുപാട് സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കീഴരിയൂർ പഞ്ചായത്തിലെ ഒറവക്കുന്നിൽ സ്ഥിതിചെയ്യുന്ന എ.ആർ. ക്യാമ്പിൽ പിടിച്ചെടുത്ത സ്ഫോടക വസ്തുക്കൾ നശിപ്പിച്ചതിനെത്തുടർന്ന് കേടുപാട് സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും പിടിച്ചെടുത്തതും കൊയിലാണ്ടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവുപ്രകാരം കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽ സൂക്ഷിച്ചുവന്നതുമായ അനധികൃത പടക്കങ്ങളും നിർമ്മാണ സാമഗ്രികളും കോടതി നിർദ്ദേശപ്രകാരം നിർവ്വീര്യമാക്കിവരവേ ഉഗ്ര ശബ്ദത്തോടുകൂടി പൊട്ടിത്തെറിക്കുകയും സമീപത്തുള്ള 45-ഓളം വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയുമുണ്ടായി. കോഴിക്കോട് ജില്ലാ കളക്ടർ, റൂറൽ ജില്ലാ പോലീസ് മേധാവി എന്നിവരടങ്ങുന്ന ഉന്നതതല സംഘം സ്ഥലം സന്ദർശിക്കുകയും നാശനഷ്ടം തിട്ടപ്പെടുത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(4) കസ്റ്റഡിയിലെടുത്ത ആദിവാസികളെ വിട്ടയയ്ക്കൽ

ശ്രീമതി ഇ.എസ്. ബിജിമോൾ: വയനാട് ജില്ലയിലെ പാരിസൺ എസ്റ്റേറ്റിന്റെ ഫോറസ്റ്റ് ഏറ്റെടുത്ത ഭൂമിയിൽ കുടിൽകെട്ടി താമസിച്ചിരുന്ന ആദിവാസികളെ ഫോറസ്റ്റുകാർ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കു

കയും 14 ദിവസത്തേയ്ക്ക് റിമാന്റ് ചെയ്ത് കണ്ണൂർ ജയിലിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. റിമാന്റ് കാലാവധി തീർന്നിട്ടും കോടതിയിൽ ഹാജരാക്കാതെ പീഡിപ്പിക്കുന്ന നടപടി അവസാനിപ്പിച്ച് അവർക്ക് ജാമ്യം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മാനന്തവാടി താലൂക്കിലെ പാരിസൺ എസ്റ്റേറ്റിന്റെ ഫോറസ്റ്റ് ഏറ്റെടുത്ത ഭൂമിയിൽ ആദിവാസി മഹാസഭയിൽപ്പെട്ട ഒരു കൂട്ടം ആൾക്കാർ കുടിൽകെട്ടി താമസിച്ചതുമായി ബന്ധപ്പെട്ട് വരയാൽ ഫോറസ്റ്റ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും നാല് സ്ത്രീകൾ ഉൾപ്പെടെ 28 പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും 24 പുരുഷന്മാരെ 14 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്ത് കണ്ണൂർ ജയിലിലേയ്ക്കയക്കുകയും സ്ത്രീകളെ വിട്ടയയ്ക്കുകയും ചെയ്തു. അടിയന്തര സാഹചര്യമായിരുന്നതിനാൽ വേണ്ടത്ര പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ച് പ്രതികളെ യഥാസമയം ഹാജരാക്കാൻ കഴിയാത്തതിനാൽ റിമാന്റ് കാലാവധി നീട്ടേണ്ടിവന്നു. ഒരു അഡ്വാൻസ് പെറ്റീഷൻ മൂവ് ചെയ്താൽ പോസിറ്റീവായ നടപടി സ്വീകരിക്കുന്നതാണ്.

## (5) വില്ലേജ് ഓഫീസ് രൂപീകരണം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് ആസ്ഥാനമാക്കി പുതിയ വില്ലേജ് ഓഫീസ് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയം സർക്കാർ തത്വത്തിൽ അംഗീക

രിച്ചിട്ടുണ്ട്. ഇതനുസരിച്ച് വില്ലേജ് ഓഫീസ് ഇല്ലാത്ത പഞ്ചായത്തുകളുടേയും ഒന്നിൽക്കൂടുതൽ പഞ്ചായത്തുകൾ ഉൾപ്പെടുന്ന വില്ലേജുകളുടേയും വിശദ വിവരം അടങ്ങുന്ന ലാന്റ് റവന്യൂ കമ്മീഷണറുടെ ലിസ്റ്റിൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിരുന്നില്ല. പിന്നീട് പ്രസ്തുത പഞ്ചായത്തിൽ വില്ലേജ് ഓഫീസ് ഇല്ലെന്ന കളക്ടറുടെ റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവിടെയും വില്ലേജ് ഓഫീസ് അനുവദിക്കുന്നതാണ്.

**(6)** കന്നേറ്റി കായൽ നികത്തൽ

ശ്രീ. സി. ദിവാകരൻ: ശാസ്ത്രീയമായ രീതിയിൽ പഠനം നടത്താതെ നിയമം ലംഘിച്ച് കരുനാഗപ്പള്ളിയിലെ കന്നേറ്റി കായൽ ഡ്രഡ്ജ് ചെയ്ത് കരനികത്തുന്ന നടപടി നിറുത്തിവയ്ക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു): ചെളിനിറഞ്ഞ് ഉപയോഗശൂന്യമായി കിടക്കുന്ന കായൽ പൊതുജനങ്ങൾക്കും ടൂറിസ്റ്റുകൾക്കും ഉപയോഗപ്രദമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നുള്ള കരുനാഗപ്പള്ളി നഗരസഭയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീഡർകനാലിന്റെ ആഴം കൂട്ടലും പാർശ്വഭിത്തി നിർമ്മാണവും ഏറ്റെടുത്തുനടത്തുന്നത്. ആഴംകൂട്ടുമ്പോൾ ലഭിക്കുന്ന ചെളിയും മണ്ണും കലർന്ന മിശ്രിതം എഗ്രിമെന്റ് വ്യവസ്ഥപ്രകാരം നഗരസഭാ അധികൃതർ നിർദ്ദേശിച്ച സ്ഥലത്ത് നിക്ഷേപിക്കുക മാത്രമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഡ്രഡ്ജിംഗ് നിറുത്തിവയ്ക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടുത്തയാഴ്ച മെമ്പറുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥ

രുടെയും നഗരസഭയിലെ ജനപ്രതിനിധികളുടെയും ഒരു യോഗം വിളിച്ച് പ്രശ്നത്തിന് സമവായമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഡ്രഡ്ജിംഗ് നിറുത്തിവയ്ക്കണമെന്ന് മെമ്പർ ആവശ്യപ്പെട്ടാൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മുനിസിപ്പാലിറ്റി പ്രതിനിധികളേയും ബന്ധപ്പെട്ടവരെയും വിളിച്ച് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

(7) പരിസ്ഥിതി മലിനീകരണം.

ശ്രീ. ടി.എൻ. പ്രതാപൻ: തൃശ്ശൂർ ജില്ലയിലെ കാതിക്കുടത്ത് പ്രവർത്തിക്കുന്ന നിറ്റാജലാറ്റിൻ ഇൻഡ്യ ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനി ചാലക്കുടിപ്പുഴയിലേയ്ക്ക് മാലിന്യങ്ങൾ പുറന്തള്ളുന്നതുമൂലം അവിടത്തെ ജനങ്ങളുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കുമുണ്ടാകുന്ന ഗുരുതരമായ ഭവിഷ്യത്ത് കണക്കിലെടുത്ത് പ്രസ്തുത കമ്പനിയുടെ പ്രവർത്തനം താൽക്കാലികമായി നിറുത്തിവയ്ക്കുന്നതിനും ജനസാന്ദ്രത കുറഞ്ഞ മറ്റൊരു സ്ഥലത്തേക്ക് ഈ കമ്പനി മാറ്റി സ്ഥാപിക്കുന്നതിനുമാവശ്യമായ നടപടി കൈക്കൊള്ളണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): നിറ്റാ ജലാറ്റിൻ ഇൻഡ്യാ ലിമിറ്റഡ് എന്ന ഫാക്ടറിയിൽനിന്നുള്ള മലിനജലം ചാലക്കുടി പുഴയിലേയ്ക്ക് തുറന്നുവിടുന്നത് സംബന്ധിച്ച് പരാതി ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഫാക്ടറിയിൽ സ്ഥാപിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതർ കമ്പനി നേരിട്ട്

പരിശോധിക്കുകയും പാരിസ്ഥിതിക മലിനീകരണം ദൂരീകരിക്കാനാവശ്യ മായ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനി സ്വീകരി ക്കേണ്ട മലിനീകരണ നിയന്ത്രണ ഉപാധികൾ 31-12-2012-നുള്ളിൽ തൃപ്തിക രമായി നടപ്പാക്കാത്തപക്ഷം കമ്പനിക്കെതിരെ നിയമനടപടികൾ സ്വീകരിക്കു മെന്നും കമ്പനി കെട്ടിവച്ചിരുന്ന 25 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി മലിനീ കരണ നിയന്ത്രണ ബോർഡ് കണ്ടുകെട്ടുമെന്നും കമ്പനിക്ക് നൽകിയിരി ക്കുന്ന പ്രവർത്തനാനുമതി റദ്ദാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രസ്തുത ഫാക്ടറിയിലെ തൊഴിലാളികളും വിവിധ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയനുകളും ഫാക്ടറി പ്രവർത്തിക്കണമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെങ്കിലും അവിടത്തെ നാട്ടുകാർക്ക് ഫാക്ടറിയിൽനിന്നുണ്ടാകുന്ന മലിനീകരണംമൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. പരിസ്ഥിതി സംരക്ഷണം, മലിനീകരണം ഒഴിവാക്കൽ എന്നിവയുടെ കാര്യത്തിൽ ഫാക്ടറി നൽകിയ ഉറപ്പുകളും മലിനീകരണ നിയന്ത്രണ ബോർഡ് വച്ചിട്ടുള്ള നിർദ്ദേശങ്ങളും പാലിക്കുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(8) വെൺമണി കവികൾക്ക് സ്മാരകം

ശ്രീ. അൻവർ സാദത്ത്: ആലുവ നിയോജകമണ്ഡലത്തിൽപ്പെട്ട ശ്രീമൂലനഗരം പഞ്ചായത്തിൽ മലയാളത്തിന്റെ വെൺമണി കവികൾക്കായി ഒരു സ്മാരകം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): വെൺമണി കവികളുടെ ജന്മസ്ഥലമായ ആലുവയിലെ ശ്രീമൂലനഗരത്തിലോ പരിസരത്തോ

ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നപക്ഷം വെൺമണി കവികൾക്ക് ഒരു സ്മാരകം നിർമ്മിക്കുന്നതാണ്.

(9) ജീർണ്ണിച്ച പൈപ്പ്ലൈൻ പുതുക്കി സ്ഥാപിക്കൽ

ശ്രീ. സി. മോയിൻകുട്ടി: പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കൈതപ്പൊയിൽപുഴ ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള 60 വർഷം പഴക്കമുള്ള ജീർണ്ണിച്ച പമ്പുസെറ്റും കിണറും പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പുതുപ്പാടി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി 5-7-2003-ന് പഞ്ചായത്തിന് കൈമാറിയതിനാൽ ഉചിതമായ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നതാണ്. പഞ്ചായത്ത് റെസലൂഷൻ പാസ്സാക്കിയാൽ പ്രസ്തുത പദ്ധതി വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം.

(10) കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ പഴയ ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് തുക അനുവദിക്കുന്നതിനും പണി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ പഴയ ബ്ലോക്കിന്റെ പുനരുദ്ധാരണത്തിന് ആരോഗ്യവകുപ്പിന്റെ മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി 99.5 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി

നൽകാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പുതുതായി ആശുപത്രിയിൽ പണികഴിപ്പിച്ച മെറ്റേണിറ്റി ബ്ലോക്കിന്റെ നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുനാമി റിലീഫ് ഫണ്ടിൽ ഉൾപ്പെടുത്തി ആശുപത്രിയിൽ പുതിയ ആംബുലൻസ് അനുവദിക്കുന്നതിനുള്ള നപടികളും പൂർത്തിയായിട്ടുണ്ട്.

മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) രാസവളങ്ങളുടെ വില വർദ്ധനവ്

ശ്രീ. എം.പി. വിൻസെന്റ്: രാസവളങ്ങളുടെ വില കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം.പി. വിൻസെന്റ്: രാസവള വിലവർദ്ധനവിലൂടെ കർഷകർ അനുഭവിക്കുന്ന ദുരിതം സംബന്ധിച്ച് സഭ ചർച്ച ചെയ്യേണ്ടതാണ്. രാസവളങ്ങളുടെ വിലവർദ്ധനവ് കേരളത്തിലെ കർഷകരെ ദോഷകരമായി ബാധിച്ചിരിക്കുകയും തരിശുഭൂമിയുടെ വിസ്തൃതി കൂടുകയും ഭക്ഷ്യസ്വയംപര്യാ

പ്തത എന്ന ലക്ഷ്യത്തിൽനിന്നും അകന്നുപോകുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ജൈവ വളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ കർമ്മപദ്ധതി തയ്യാറാക്കണം കൃഷിരീതി പുനരുജ്ജീവിപ്പിച്ച് കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും ആധുനിക കൃഷിരീതികൾ ആവിഷ്കരി ക്കാനും ടെറസ് കൃഷി വ്യാപിപ്പിക്കാനും പദ്ധതികൾ ആവിഷ്ക്കരിക്കണം. രാസവളത്തിന്റെ വില നിയന്ത്രണാധികാരം കമ്പനികൾക്ക് നൽകിയതുവഴി കഴിഞ്ഞ 28 മാസത്തിനിടയിൽ 11 തവണയാണ് വില വർദ്ധിപ്പിച്ചത്. രാസവള ങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഒരു പ്രത്യേക അതോറിറ്റി അടിയന്തര മായി രൂപീകരിക്കണം. കർഷകർക്ക് ആശ്വാസം നൽകാൻ സർക്കാർ കാർഷിക സബ്സിഡി വർദ്ധിപ്പിച്ചെങ്കിലും ഉല്പാദനച്ചെലവ് വർദ്ധിച്ചതു കാരണം കർഷകർ കാർഷികവൃത്തിയിൽ നിന്നും പിൻമാറുന്നതായിട്ടാണ് കാണുന്നത്. കാർഷിക വിളകൾക്കും പച്ചക്കറികൾക്കും അന്യസംസ്ഥാന ങ്ങളെ ആശ്രയിക്കുന്ന രീതി അവസാനിപ്പിക്കാൻ കർഷകനെ കൃഷി ചെയ്യാൻ പ്രോൽസാഹിപ്പിക്കുന്ന കർമ്മപദ്ധതി ആവിഷ്ക്കരിക്കാൻ കൃഷി വകുപ്പു മുൻകൈയെടുക്കണം. തരിശുഭൂമിയിൽ കൃഷിയിറക്കി രണ്ടാം ഹരിത വിപ്ലവത്തിന് രൂപം നൽകണം. കാർഷിക സർവ്വകലാശാലയേയും കൃഷി ഡിപ്പാർട്ടുമെന്റിനെയും ഏകോപിപ്പിച്ചുകൊണ്ട് മണ്ണിനെ അറിഞ്ഞ് വളം ചെയ്യുന്ന കൃഷി സമ്പ്രദായം കൊണ്ടുവരണം. ഹൈടെക് കൃഷി സമ്പ്ര ദായം കൊണ്ടുവരുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. കാർഷികേതര ആവശ്യങ്ങൾക്കായി കൃഷിഭൂമി ഉപയോഗപ്പെടുത്തുന്നത് നിരുൽസാഹപ്പെ ടുത്തണം. രാസവള വിലവർദ്ധനവിലൂടെ കർഷകന്റെ നട്ടെല്ല് ഒടിക്കുന്ന ഇന്നത്തെ സാഹചര്യം ഒഴിവാക്കാൻ കേന്ദ്ര സർക്കാർ വളംവില വർദ്ധനവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ, "ആവശ്യപ്പെടുന്നു" എന്ന വാക്കിനു പകരം "അഭ്യർത്ഥിക്കുന്നു" എന്ന വാക്ക് ചേർക്കണം.

കാർഷികമേഖലയെ സംരക്ഷിക്കുന്നതിനായി നൽകിവരുന്ന സബ്സിഡി തുടരണം. കൃഷിപ്പണിക്ക് കർഷകരെ കിട്ടാതെവരുന്ന അവസ്ഥയുണ്ടാകാൻ പാടില്ല. കൂലിയുടെ കാര്യത്തിലും രാസവളത്തിന്റെയും കീടനീശിനികളുടേയും വില നിയന്ത്രിക്കുന്ന കാര്യത്തിലും കർഷകന് യാതൊരു പങ്കുമില്ല. കർഷകന് നേരിട്ട് സബ്സിഡി കൊടുക്കുന്ന കേന്ദ്രഗവൺമെന്റിന്റെ സമീപനത്തെ സ്വാഗതം ചെയ്യുന്നു. എമർജിംഗ് കേരള പോലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പൊതുമേഖലയിൽ രാസവള ഫാക്ടറി ആരംഭിക്കണം. നെല്ലിനും വാഴയ്ക്കും തെങ്ങിനും നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ചതുപോലെ മറ്റ് കാർഷിക വിഭവങ്ങൾക്കുള്ള ധനസഹായവും വർദ്ധിപ്പിക്കണം. ജൈവകൃഷി സമ്പ്രദായം സ്വീകരിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം. കാർഷികമേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആരംഭത്തിൽ "കൃഷിക്കാർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നതിനാൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ചന്ദ്രൻ:</u> താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആരംഭത്തിൽ "കടക്കെണിയിൽപ്പെട്ട് ഉഴലുന്ന കർഷകർക്ക് ആശ്വാസ കരമാവുന്ന യാതൊരു പരിപാടിയും ഇല്ലാത്തതിനാൽ കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നതിനാൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ.കെ. ബാലൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആരംഭത്തിൽ "കൃഷിച്ചെലവിലെ താങ്ങാനാവാത്ത വർദ്ധനയും കാർഷിക ഉല്പന്നങ്ങളുടെ വിലക്കുറവും ഫലപ്രദമായ സംഭരണമില്ലായ്മയുംമൂലം സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ പെരുകുന്ന സാഹചര്യത്തിൽ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ചെന്താമരാക്ഷൻ : കാർഷിക മേഖല തകർക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടികളെ ന്യായീകരിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കേരളത്തിൽ കർഷക ആത്മഹത്യ വർദ്ധിച്ചിരിക്കുകയാണ്. രാസവളങ്ങളുടെ വില 30 ശതമാനം മുതൽ 60 ശതമാനം വരെ വർദ്ധിപ്പിച്ച കേന്ദ്ര സർക്കാരിന്റെ ജനദ്രോഹകരമായ നടപടി പിൻവലിപ്പിക്കാൻ സംസ്ഥാനം ഒറ്റക്കെട്ടായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കാർഷിക മേഖലയിൽ രാസവള നിർമ്മാണശാലകൾക്ക് കൊടുത്തുകൊണ്ടിരുന്ന സബ്സിഡി കുറച്ചതിന്റെയും രാസവളങ്ങളുടെ വില നിർണ്ണയാവകാശത്തിൽനിന്ന് കേന്ദ്ര സർക്കാർ പിൻമാറിയതിന്റെയും ഫലമായി കഴിഞ്ഞ 28 മാസത്തിനിടയിൽ 11 തവണ രാസവളവില വർദ്ധിപ്പിച്ചു. രാസവളങ്ങളുടെ വിലനിർണ്ണയത്തിൽ ഇടപെടാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തയ്യാറാകുകയും കർഷകർക്ക് സബ്സിഡി കൊടുക്കുകയും വേണം. രാസവളങ്ങളുടെ വില വീണ്ടും വർദ്ധിക്കുമെന്ന

പ്രതീക്ഷയിൽ വ്യവസായശാലകൾ വളം വിതരണം ചെയ്യാതെ സൂക്ഷിക്കുന്നത് കാർഷിക രംഗത്ത് ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കും. രാസവളങ്ങൾക്ക് സബ്സിഡി കൊടുത്ത് കർഷകരെ സഹായിക്കുന്ന സംസ്ഥാനത്തെ കാർഷിക ബാങ്കുകളും സഹകരണ ബാങ്കുകളും ഇപ്പോഴത്തെ വിലവർദ്ധനവിനെത്തുടർന്ന് പ്രതിസന്ധിയിലായിരിക്കുകയാണ്. ഫാക്ടംഫോസ്, യൂറിയ, പൊട്ടാഷ് എന്നിവയുടെ അഭാവം നെൽകൃഷിയെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. സംഭരിച്ച നെല്ലിന്റെ പണം എന്ന് കിട്ടുമെന്ന് കൃഷിക്കാർക്ക് യാതൊരു ഉറപ്പുമില്ലെന്നുമാത്രമല്ല സംഭരിക്കുന്ന നെല്ലിന്റെ അളവ് 2200 കിലോഗ്രാമായി നിജപ്പെടുത്തിയിരിക്കുകയുമാണ്. ജൈവവള ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ജൈവവളമെന്ന പേരിൽ ബയോവേസ്റ്റ് വിൽക്കുന്നത് തടയുകയും വേണം.

<u>ശ്രീ. കെ.എം. ഷാജി</u> : പ്രമേയത്തെ പിന്താങ്ങുന്നു. ഇൻഡ്യയുടെ സമ്പദ്ഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന കാർഷിക മേഖലയെ രാസവള വില വർദ്ധനയിൽനിന്ന് രക്ഷിക്കാനും ലാഭകരമല്ലാത്തതിനാൽ കൃഷിയിൽനിന്നും പിൻമാറുന്ന കർഷകരെ അതിലേയ്ക്ക് തിരികെ കൊണ്ടുവരാനും നടപടി സ്വീകരിക്കണം. രാസവളവിലവർദ്ധനവ് കർഷകർക്ക് ബാധകമാക്കാതെ കമ്പനികൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്താൻ സബ്സിഡി നൽകിയ കേന്ദ്രഗവൺമെന്റ് നയം സംസ്ഥാന സർക്കാരും പിന്തുടരണം.

<u>ശ്രീ. മോൻസ് ജോസഫ്:</u> പ്രമേയത്തെ പിന്താങ്ങുന്നു. യൂറിയ, ഫാക്ടംഫോസ് തുടങ്ങിയ രാസവളങ്ങളുടെ വിലവർദ്ധനവുമൂലം കർഷകർക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സാദ്ധ്യമായ നടപടികൾ

സർക്കാർ സ്വീകരിക്കണം. രാസവളങ്ങളുടെ വിലവർദ്ധനവിന്റെ മറവിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് മാർക്കറ്റ് ഇന്റർവെൻഷൻ നടത്താനും കേന്ദ്രസർക്കാരിനുണ്ടായിരുന്ന രാസവള വിലനിയന്ത്രണാധി കാരം പുന:സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. കർഷകർക്ക് ആശ്വാസ മാകുംവിധം വളം സബ്സിഡി ഏർപ്പെടുത്തിയ സർക്കാരിന്റെ നടപടിയെ അഭിനന്ദിക്കുന്നതോടൊപ്പം അർഹതപ്പെട്ടവർക്ക് സബ്സിഡി ലഭിക്കുന്നു ണ്ടായെന്ന കാര്യവും ഉറപ്പുവരുത്തണം. രാസവള വിലവർദ്ധനവ് പിൻവ ലിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. വി. എസ്. സുനിൽകുമാർ: പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയങ്ങൾ ഒന്നും വ്യക്തമാക്കാതെ ഈ പ്രമേയം അവതരിപ്പിച്ചത് കേരളത്തിലെ കർഷകരെ കബളിപ്പിക്കാനാണ്. യൂറിയ ഒഴികെയുള്ള 22 ഇനം രാസവളങ്ങളുടെ വിലനിയന്ത്രണാധികാരം കേന്ദ്രസർക്കാർ കമ്പനികൾക്ക് കൈമാറിയതുമൂലമാണ് രാസവളവിലയിൽ വൻവർദ്ധനവ് ഉണ്ടായത്. വൻകിട കോർപ്പറേറ്റുകൾക്ക് സബ്സിഡി നൽകിയും കാർഷികോൽപ്പന്നങ്ങൾ ഊഹക്കച്ചവടക്കാർക്ക് വിട്ടുകൊടു ത്തും കാർഷികമേഖലയെ തകർക്കാനുള്ള ഗൂഢശ്രമമാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. .

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ.കെ.പി. മോഹനൻ): പ്രമേയത്തിന്റെ ഉള്ളടക്കത്തോട് പൂർണ്ണ മായി യോജിക്കുന്നു. രാസവളങ്ങളുടെ വില കുറയ്ക്കാനും കർഷക സബ്സിഡി കൂട്ടുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. കാർഷികമേഖലയിൽ രാസവളങ്ങൾക്കുപകരം ജൈവവളം ഉപയോഗിക്ക

ണമെന്നൊരു സന്ദേശം കൂടി നൽകുകയാണ്. രാസവള സബ്സിഡി അടക്ക മുളള കാര്യങ്ങളിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് ബാങ്ക് അക്കൗണ്ടുകളിലൂടെ നേരിട്ട് ഗുണം കിട്ടുന്നതിനുളള നടപടി സ്വീകരിച്ചി ട്ടുണ്ട്. നഗരങ്ങളിലും ഗ്രാമങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാ നുളള നൂതനപരിഷ്ക്കാരങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജൈവവള കൃഷിയി ലേയ്ക്ക് തിരിച്ചുപോകുന്നവർക്ക് അതിനുളള എല്ലാ സഹായവും സർക്കാർ നൽകുന്നതാണ്. സംസ്ഥാനത്ത് പ്രതിവർഷം ശരാശരി 6 ലക്ഷം ടൺ രാസ വളങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് രണ്ട് സീസണുകളി ലാണ് സംസ്ഥാനത്തിന് വളം അനുവദിക്കുന്നത്. ഈ സീസണുകളിലേയ്ക്ക് ആവശ്യമായ വളത്തിന്റെ കണക്ക് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതനുസരിച്ച് അനുവദിക്കുകയാണ് ചെയ്യുന്ന ത്. 2012 ഖാരിഫ് സീസണിലേയ്ക്ക് സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം 6 ലക്ഷം ടൺ യൂറിയ, 130000 ടൺ ഫാക്റ്റംഫോസ് അടക്കമുളള കോംപ്ലക്സ് വളങ്ങൾ, 90000 ടൺ പൊട്ടാഷ്, 25000 ടൺ ഡൈ അമോണിയം ഫോസ്ഫേറ്റ്, 3000 ടൺ സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് എന്നിവ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. യൂറിയ ഉല്പാദന കമ്പനികൾ വാർഷിക മെയിന്റനൻസിനുവേണ്ടി പ്ലാന്റുകൾ അടച്ചിട്ടതിനാൽ 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ യൂറിയയ്ക്ക് ക്ഷാമം അനുഭവപ്പെട്ടു. എന്നാൽ മെയ് മാസ ത്തിൽ കേന്ദ്ര രാസവള മന്ത്രാലയവുമായി ബന്ധപ്പെട്ട് 11000 ടൺ യൂറിയ അധികമായി ലഭ്യമാക്കിയിട്ടുണ്ട്. ജൂൺ മാസത്തേയ്ക്ക് അനുവദിച്ചിട്ടുളള 41500 ടൺ യൂറിയ ലഭ്യമാക്കാൻ കമ്പനികളുമായി ബന്ധപ്പെട്ട് എല്ലാ നടപടി കളും സ്വീകരിച്ചിട്ടുണ്ട്. ഈ മാസത്തെ സപ്ലൈ പ്ലാൻ അനുസരിച്ച് എല്ലാ

വളങ്ങളും എല്ലാ ജില്ലകളിലും എത്തിക്കാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1.4.2010-ന് കേന്ദ്ര ഗവൺമെന്റ് ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി നടപ്പിലാക്കിയതുമൂലം യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം വളനിർമ്മാണ കമ്പനികളിൽ നിക്ഷിപ്ത മാണ്. രാസവളത്തിൽ അടങ്ങിയിട്ടുള്ള മൂലകങ്ങൾ അനുസരിച്ചാണ് സബ്സിഡി നിശ്ചയിക്കുന്നത്. സബ്സിഡി തുക നിലവിൽ കമ്പനികൾക്ക് നേരിട്ട് നൽകുകയും സബ്സിഡി കഴിച്ചുള്ള വിലയ്ക്ക് രാസവളം പൊതു വിപണിയിൽ കർഷകർക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ഉല്പാദന ചെലവിലും ഇറക്കുമതി ചെലവിലും ഉണ്ടാകുന്ന വ്യതിയാനങ്ങൾ അനുസരിച്ച് കമ്പനികൾ രാസവളങ്ങൾക്ക് പലതവണ വില വർദ്ധിപ്പിച്ചി ട്ടുണ്ട്. നെല്ല്, തെങ്ങ്, പച്ചക്കറി തുടങ്ങിയവയുടെ രാസവളത്തിന് പരമാവധി സബ്സിഡി അനുവദിച്ചിട്ടുണ്ട്. 8.11.2011 മുതൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന രാസവളങ്ങളെ വാറ്റ് നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. സുഗന്ധ വ്യഞ്ജന കൃഷിയിൽ ജൈവകൃഷി മാർഗ്ഗം അവലംബിക്കാനും കീടനാശിനികൾ കുറയ്ക്കാനും കഴിയുമെന്ന് ഇന്ത്യൻ ഏല ഗവേഷണ കേന്ദ്രം വിശദമാക്കിയിട്ടുണ്ട്. ജൈവ കീടനാശിനിയും ജൈവ വളപ്രയോഗവും കാര്യക്ഷമമാക്കുന്നതുവഴി കാർഷിക മേഖല മെച്ചപ്പെടും. ജൂലായ് മാസം 2-ാം തീയതി പ്രധാനമന്ത്രിയെയും കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെയും കണ്ട് പരമാവധി സഹായങ്ങൾ നൽകണമെന്നും രാസവള വിലവർദ്ധനവിൽനിന്ന് കേരളത്തെ രക്ഷിക്കണമെന്നും സബ്സിഡി പരമാവധി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ആവശ്യ പ്പെടുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : രാസവള വില വർദ്ധനവ് പിൻവലിക്കണമെന്ന സഭയുടെ വികാരത്തോട് യോജിക്കുന്നു. ജൂലായ് മാസം 2, 3 തീയതികളിൽ പ്രധാനമന്ത്രിയേയും കേന്ദ്ര കൃഷി വകുപ്പുമന്ത്രിയേയും കണ്ട് ഈ ആവശ്യം ഉന്നയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭക്ഷ്യ സബ്സിഡി കാര്യമായി കുറയ്ക്കാതെ മറ്റ് മേഖലകളിലെ സബ്സിഡി കുറച്ചതുകൊണ്ട് കർഷകനുണ്ടായ അധികഭാരം പിൻവലിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ഈ തീരുമാനം വന്നയുടൻ നെൽകൃഷിക്ക് ഒരു ഹെക്ടറിന് 1500 രൂപ സബ്സിഡി കൊടുത്തിരുന്ന സ്ഥാനത്ത് അത് 4000 രൂപയായി വർദ്ധിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് വാഴയ്ക്ക് 3 രൂപ വച്ച് ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി സബ്സിഡി കൊടുക്കുന്നുണ്ട്. അത് തുടരുന്നതോടൊപ്പം സംസ്ഥാന ഗവൺമെന്റ് സബ്സിഡി ഒരു ഹെക്ടറിന് 1000 രൂപ വച്ച് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. തെങ്ങ് കൃഷിക്ക് നാളികേര വികസന കോർപ്പറേഷൻ അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് 17500 രൂപ ഒരു ഹെക്ടറിന് കൊടുത്തുകൊണ്ടിരിക്കുന്നത് തുടരും. രാസവളത്തിന് വില നിശ്ചയിക്കാനുള്ള അവകാശം കേന്ദ്ര ഗവൺമെന്റിൽത്തന്നെയായിരിക്കണം എന്ന അഭിപ്രായമാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച ''ആവശ്യപ്പെടുന്നു'' എന്ന വാക്കിനു പകരം ''അഭ്യർത്ഥിക്കുന്നു'' എന്ന വാക്ക് ചേർക്കുക എന്ന ഭേദഗതിയോടുകൂടി ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിത്തരണം.

ശ്രീ. എ.കെ. ബാലൻ : കേന്ദ്ര ഗവൺമെന്റിൽ ഈ അധികാരം പുന:സ്ഥാപിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞ കാര്യം പ്രമേയത്തിന്റെ ഭാഗമാക്കിയാൽ കുറച്ചുകൂടി സമഗ്രമാകും.

ശ്രീ. ഉമ്മൻ ചാണ്ടി : വില നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിൽത്തന്നെ തുടർന്നും ഉണ്ടായിരിക്കണം എന്ന ഭേദഗതിയും അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## (2) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ

ശ്രീ. പുരുഷൻ കടലുണ്ടി : "മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കും നിലനിൽപ്പിനും അതീവ ഗുരുതരമായ ഭീഷണികൾ ഉണ്ടായിരിക്കേ, അതൊന്നും ഗൗരവതരമായി പരിഗണിക്കാതെ, കേരളത്തിന്റെ താല്പര്യങ്ങൾ തകർക്കുന്ന നിലയിലുള്ള ഉന്നതാധികാര സമിതി റിപ്പോർട്ടിനെ നിയമപരമായി സുപ്രീം കോടതിയിൽ ചോദ്യം ചെയ്യണമെന്നും ലക്ഷക്കണക്കായ ജനങ്ങളുടെ സുരക്ഷയെക്കരുതി പുതിയ ഡാം നിർമ്മിക്കാനുള്ള നിലപാട് അംഗീകരിപ്പിക്കുന്നതിനും, അതുവരെ നിലവിലുള്ള ഡാമിന്റെ ജലനിരപ്പ് 120 അടിയായി താഴ്ത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

"കേരളത്തിന് സുരക്ഷ, തമിഴ്നാടിന് ജലം" എന്ന സന്ദേശം മാനവികത ഉണർത്തുന്നതാണ്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്തണമെന്ന് കാണിച്ച് ഉന്നതാധികാര സമിതി സുപ്രീം കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ പശ്ചാത്തലവും ഇടയ്ക്കിടെയുണ്ടാകുന്ന ഭൂചലനങ്ങൾ ഡാമിന്റെ സുരക്ഷയ്ക്ക് ഭീഷണിയുയർത്തുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ഭയാശങ്കയും ഓർക്കേണ്ടതുണ്ട്. ഡാം സുരക്ഷിതമല്ലെന്നും ഭൂകമ്പങ്ങൾ അതിജീവിക്കാൻ ശേഷിയില്ലെന്നുമുള്ള വിദഗ്ദ്ധ സംഘത്തിന്റെയും ഐ.ഐ.ടി. വിദഗ്ദ്ധരുടെയും റിപ്പോർട്ടുകൾ ഉണ്ടായിട്ടും ഈ പ്രശ്നത്തെ ഗൗരവമായി കാണാത്തത് ഖേദകരമാണ്. ഉന്നതാധികാര സമിതി നിയോഗിച്ച പഠനസംഘത്തിന്റെ റിപ്പോർട്ട് ലഭിക്കുന്നതിനുമുമ്പ് മുല്ലപ്പെരിയാർ ഡാം പൂർണ്ണമായും സുരക്ഷിതമാണെന്ന കേന്ദ്ര മന്ത്രിയുടെ പ്രഖ്യാപനത്തെ സാധൂകരിക്കുന്ന വിധത്തിൽ വന്ന റിപ്പോർട്ടിനെ എതിർത്തുകൊണ്ട് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ രംഗത്തുവന്നിട്ടുപോലും ജസ്റ്റിസ് കെ. ടി. തോമസ് വിയോജനക്കുറിപ്പ് രേഖപ്പെടുത്താൻ തയ്യാറാകാത്തതിൽ ജനങ്ങൾക്ക് ഉൽക്കണ്ഠയുണ്ട്. 1979-ൽ കേരളവും തമിഴ്നാടും പുതിയ ഡാം എന്ന ധാരണയിൽ എത്തി. പുതിയ ഡാം നിർമ്മിക്കുന്നതോടൊപ്പം നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന വെള്ളം തമിഴ്നാടിന് ലഭ്യമാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാകണം. ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : പ്രമേയത്തെ പിന്താങ്ങുന്നു. 117 വർഷത്തെ പഴക്കമുള്ളതും സുർക്കിയും ചുണ്ണാമ്പും ഉപയോഗിച്ച് നിർമ്മിച്ചതുമായ മുഖ്യഡാമും മണ്ണുകൊണ്ട് നിർമ്മിച്ച ബേബി ഡാമും പൂർണ്ണ

സുരക്ഷിതമാണെന്ന ഉന്നതാധികാര സമിതിയുടെ കണ്ടെത്തൽ തികച്ചും ഏകപക്ഷീയമാണ്. കേരളം പ്രതീക്ഷയോടെ കാത്തിരുന്ന ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് പുറത്തുവന്നപ്പോൾ സർക്കാരിന്റെ പ്രതികരണം ഏകോപിതമായിരുന്നില്ല. കേരളത്തിന്റെ ന്യായമായ ആവശ്യം ഉന്നതാധികാര സമിതിയെ ബോധ്യപ്പെടുത്താനോ അംഗീകരിപ്പിക്കാനോ കഴിഞ്ഞില്ല. 136 അടിയിൽ കൂടുതൽ വെള്ളം ഉയർത്താൻ പാടില്ലെന്ന് നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിട്ടുള്ളതാണ്. ഡാം സുരക്ഷിതമാണെന്നും ജലനിരപ്പ് ഉയർത്താമെന്നുമുള്ള സുപ്രീം കോടതി വിധി വന്ന സാഹചര്യത്തിലാണ് അതിനെതിരെ കേരള നിയമസഭ നിയമം പാസ്സാക്കിയത്. ഡാമിലെ ജലനിരപ്പ് സംബന്ധിച്ച് സംസ്ഥാന താല്പര്യത്തിന് ഹാനികരമായ കണക്കുകൾ ഉന്നതാധികാര സമിതിയിൽ കേരളത്തിലെ നോമിനിയുടേതായി കടന്നുകൂടിയത് കേസിലെ വിധി സംസ്ഥാനത്തിന് എതിരാകുമോ എന്ന ആശങ്ക ഉണ്ടാകാനിടയായിട്ടുണ്ട്. ജസ്റ്റിസ് കെ. ടി. തോമസിനെ കാര്യങ്ങൾ ശരിയായി ധരിപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ച പറ്റിയോയെന്ന് ഗൗരവമായി ആലോചിക്കണം. സുപ്രീം കോടതിയിൽ പോകുന്നതിന് മുമ്പായി സഭയ്ക്ക് ഏകാഭിപ്രായമുണ്ടാകണം. ജലനിരപ്പ് സംബന്ധിച്ച തമിഴ്നാടിന്റെ അന്തർ സംസ്ഥാന നദീജല സെൽ ചെയർമാനെ വിസ്തരിച്ച് അവരുടെ വാദം തെറ്റാണെന്ന് സുപ്രീം കോടതിയിൽ തെളിയിച്ചിട്ടുള്ളതാണ്. ജസ്റ്റിസ് കെ. ടി. തോമസ് കേരളത്തിന്റെ വാദം സമർത്ഥമായി ഉന്നയിക്കുകയോ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഭൂകമ്പത്തെ അതിജീവിക്കാൻ ശേഷിയില്ലാത്ത അണക്കെട്ട് ഭൂകമ്പ സാധ്യത ഏറെയുള്ള മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. അണക്കെട്ട് നിർമ്മിച്ചിട്ടുള്ള സുർക്കിയുടെ ഭൂരിഭാഗം ഒലിച്ചുപോയതായും ബ്രിട്ടീഷ് എഞ്ചിനീ

യർമാരും കേന്ദ്ര ജലകമ്മീഷനും നടത്തിയ ശാസ്ത്രീയ പഠനങ്ങളിൽ അണക്കെട്ട് ദുർബ്ബലമാണെന്നും കണ്ടെത്തിയിട്ടുണ്ട്. വൃഷ്ടി പ്രദേശത്തുള്ള പ്രളയ സാധ്യതയെ അതിജീവിക്കാൻ ഡാമിന് കഴിയില്ലെന്ന് റൂർക്കി ഐ.ഐ.ടി. വിലയിരുത്തിയിട്ടുള്ളതും ഡാം ബലപ്പെടുത്തുന്നതിന് നടത്തിയ യാതൊരു ശ്രമവും വിജയിച്ചിട്ടില്ലെന്ന് വിദഗ്ദ്ധ പഠനം തെളിയിച്ചിട്ടുള്ളതുമാണ്. നിയമപരമായും വസ്തുതാപരമായും റിപ്പോർട്ട് സുപ്രീം കോടതിയിൽ ചോദ്യം ചെയ്യാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കണം. ഉന്നതാധികാര സമിതിയിലെ വിദഗ്ദ്ധരുടേയും ഏജൻസികളുടേയും പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കി അതിന്മേൽ ആക്ഷേപം സമർപ്പിക്കാനും അവരെ വിസ്തരിക്കാനും അവസരമുണ്ടാക്കുകയും പാട്ടക്കരാറിന്റെ നിയമസാധുത സുപ്രീം കോടതിയിൽ ചോദ്യം ചെയ്യാൻ നടപടി ഉണ്ടാകുകയും വേണം. ജുഡീഷ്യറിയുടെ നിഷ്പക്ഷത പിടിച്ചുപറ്റിക്കൊണ്ട് പുതിയ ഡാം നിർമ്മിക്കുകയും തമിഴ്നാടിന് വെള്ളം നൽകാമെന്നുള്ള വാഗ്ദാനം പാലിക്കപ്പെടുകയും വേണം. ഡാമിലെ വെള്ളത്തിന്റെ അളവ് 120 അടിയായി നിലനിർത്താൻ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. ബെന്നി ബെഹനാൻ</u> : "അതൊന്നും ഗൗരവതരമായി പരിഗണിക്കാതെ, കേരളത്തിന്റെ താത്പര്യങ്ങൾ തകർക്കുന്ന നിലയിലുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> "അതൊന്നും ഗൗരവതരമായി പരിഗണിക്കാതെ," എന്ന വാക്കുകൾ പ്രമേയത്തിൽ നിന്നും ഒഴിവാക്കിയാൽ നിയമസഭ നേരത്തെ അംഗീകരിച്ചിട്ടുള്ള പ്രമേയം വീണ്ടും അംഗീകരിക്കുന്നതാകും. ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിനകത്ത് ഡാം

സെയ്ഫാണെന്നും ജലനിരപ്പ് വേണമെങ്കിൽ ഉയർത്താമെന്നും പറഞ്ഞിട്ടുണ്ട്. കൂടാതെ നിർദ്ദേശങ്ങളിൽ പുതിയ ഡാമിനെക്കുറിച്ച് ആലോചിക്കാമെന്ന് പറയുന്നത് സംസ്ഥാനത്തിന് അനുകൂലമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ നിലവിൽ വന്ന ഉന്നതാധികാര സമിതിയിൽ കേരളത്തിനുവേണ്ടി വാദിക്കാൻ പ്രതിനിധിയെ ഉൾപ്പെടുത്താത്തത് നിർഭാഗ്യകരമാണ്. സമിതിയിൽ നിഷ്പക്ഷരായ സാങ്കേതിക വിദഗ്ദ്ധർ ഇല്ലാതിരുന്നത് എതിർക്കപ്പെടേണ്ടതായിരുന്നു. വിദഗ്ദ്ധ സമിതിയുടെ അഭിപ്രായം സുപ്രീം കോടതിയുടെ മുമ്പിൽ എത്തിയ സാഹചര്യത്തിൽ ഈ സർക്കാർ വേണ്ട നടപടികൾ സ്വീകരിക്കണം.

(ശ്രീ. എം.എം. ആരിഫ് നോട്ടീസ് നൽകിയിരുന്ന കേരളത്തിന്റെ മണ്ണെണ്ണ വിഹിതം സംബന്ധിച്ച മൂന്നാമത്തെ പ്രമേയം പരിഗണനയ്ക്കെടുത്തില്ല.)

<u>അറിയിപ്പ്</u>

<u>(1) പ്രതിരോധ മരുന്ന്</u>

പനിക്കുള്ള ഹോമിയോ പ്രതിരോധ മരുന്ന് എല്ലാ നിയമസഭാംഗങ്ങൾക്കും നിയമസഭാ ഹോസ്റ്റലിലെ അവരവരുടെ മുറികളിൽ എത്തിച്ചിട്ടുണ്ട്.

<u>(2) നിയമസഭാ നടപടികളുടെ വെബ് കാസ്റ്റിംഗ്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നിയമസഭ നടപടികളുടെ വെബ് കാസ്റ്റിംഗ് ഈ സെഷൻ മുതൽ ഓൺ ഡിമാന്റിലും ലഭിക്കുമെന്നതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ കൂട്ടംകൂടി നിൽക്കുക, പുറംതിരിഞ്ഞ് നിൽക്കുക സംസാരിക്കുന്നവരുടെ മുൻപിൽ കൂടി കടന്നുപോകുക തുടങ്ങിയ സ്ഥിതി വിശേഷം ഒഴിവാക്കാൻ ശ്രദ്ധിക്കണം.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

**********